ശ്രീ. പാലോളി മുഹമ്മദ് കുട്ടി : കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നീ മൂന്ന് പട്ടണങ്ങളെ സംബന്ധിച്ചുള്ള സമഗ്രമായിട്ടുള്ള മാപ്പ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നുണ്ട്. അതു കഴിഞ്ഞ ഉടൻതന്നെ മറ്റ് പട്ടണങ്ങളെ സംബന്ധിച്ചും തയ്യാറാക്കും.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

തദ്ദേശ സ്ഥാപനങ്ങളുടെ നികുതിയേതര വരുമാനം

5 (*475)ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എ. കണാരൻ :
ശ്രീ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെ നികുതിയേതര വരുമാനത്തെ സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ തദ്ദേശസ്ഥാപനങ്ങളുടെ നികുതിയേതര വരുമാനം കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ ;

(സി) ഇതിനുള്ള കാരണങ്ങൾ എന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളുടെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ ഇതിനായി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശമുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി).

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നികുതിയേതര വരുമാനത്തെപ്പറ്റി സംസ്ഥാന ധനകാര്യ കമ്മിഷൻ പഠനം നടത്തിയിട്ടുണ്ട്. 1990-91 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നികുതിയേതര വരുമാനം വർദ്ധിച്ചു വരുന്നതായിട്ടാണ് കമ്മിഷൻ കണ്ടെത്തിയിട്ടുള്ളത്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) ഉണ്ട്. പല വികസന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കേണ്ടതുണ്ട്.

(ഇ) സംസ്ഥാന ധനകാര്യ കമ്മിഷൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുവാൻ ചില ശുപാർശകൾ നടത്തിയിട്ടുണ്ട്. ദീർഘകാലമായി നിരക്കുമാറ്റം വരുത്താതെ തുടരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ലൈസൻസ് ഫീസിനങ്ങൾ വർദ്ധിപ്പിക്കാനും വിവിധ ആവശ്യങ്ങൾക്കായി ഒരേ ഫീസ് നിരക്ക് നിശ്ചയിക്കാതെ വിവിധ ആവശ്യങ്ങൾക്കായി സർക്കാർ കുറഞ്ഞ നിരക്ക് നിർദ്ദേശിക്കുകയും ആയത് നടപ്പിലാക്കുകയുംചെയ്ത ടി വരുമാനം വർദ്ധിപ്പിക്കാമെന്നും കേരള ഗ്രാമ വികസന ബോർഡ്, കേരളാ അർബൻ ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ മാതൃകയിൽ പണം കടം കൊടുക്കുന്ന ധനകാര്യ സ്ഥാപനങ്ങമാക്കി മാറ്റാനും നിർദ്ദേശിച്ചിട്ടുണ്ട്. പുതുതായി രൂപീകരിച്ച രണ്ടാം ധനകാര്യ കമ്മിഷൻ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കും.

പട്ടണങ്ങളുടെ സമഗ്രവികസനം

6 (*476)ശ്രീ. പി. രാഘവൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എം.എ. തോമസ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുതും ഇടത്തരവുമായ പട്ടണങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള എന്തെങ്കിലും പദ്ധതി നിലവിൽ ഉണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പിനായി പട്ടണങ്ങളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ ചെറുതും ഇടത്തരവുമായ പട്ടണങ്ങളുടെ വികസനത്തിന് സാമ്പത്തിക സഹായം ഏതെല്ലാം ഏജൻസികൾ മുഖേനയാണ് ലഭ്യമാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) വികസനപദ്ധതി സംസ്ഥാനത്തെ ഏതെല്ലാം പട്ടണങ്ങളിൽ ഇതിനകം നടപ്പാക്കിയെന്നു വ്യക്തമാക്കുമോ;

(ജി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് വിപുലീകരിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പട്ടണങ്ങളിൽകൂടി പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി).

(എ)&(ബി) ഉണ്ട്. ചെറുതും ഇടത്തരവുമായ പാവങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി കേന്ദ്രസർക്കാർ 1979-80-ൽ ആവിഷ്കരിച്ച ഐ.ഡി.സി. എം.ടി എന്ന പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ട്. ആദ്യകാലത്ത് ഈ പദ്ധതിയിൻകീഴിൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗീകൃത പരിപാടികൾ നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാർ പരാമാവധി 40 ലക്ഷം രൂപ വായ്പയായും അതിനു തുല്യമായ തുക സംസ്ഥാന സർക്കാർ ഗ്രാന്റായും അനുവദിച്ചു വന്നിരുന്നു. 1985-86 മുതൽക്ക് ഈ പദ്ധതിയിൻകീഴിലുള്ള സംസ്ഥാന വിഹിതം വായ്പയായി മാറ്റുകയുണ്ടായി. 1995-96-ൽ കേന്ദ്രസർക്കാർ ഈ പദ്ധതിയുടെ നടത്തിപ്പിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കി പുറപ്പെടുവിക്കുകയുണ്ടായി. അതനുസരിച്ച് ഈ പദ്ധതിയിൻകീഴിൽ തെരഞ്ഞെടുക്കപ്പെടുന്ന പട്ടണങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly